"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - കലൂർ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന FRIENDS ജനസേവന കേന്ദ്രത്തിന് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം ഒഴിവാക്കി ബാക്കി സ്ഥലം ഏറ്റെടുത്ത് ഉപയുക്തമാക്കാനുള്ള അനുമതി GCDA യ്ക്ക് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.67/2026/LSGD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:- 1. 20.01.2001-ലെ സ. ഉ (കൈ) നം. 1/2001/ഐറ്റിഡി

2. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 09.11.2021, 30.04.2025, 17.11.2025 തിയതികളിലെ 11324/സി.12/2012/JNIS/ജിസിഡിഎ നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം FRIENDS ജനസേവന കേന്ദ്രത്തിന്റെ മാതൃകയിൽ മറ്റു 13 ജില്ലകളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു അനുമതി നൽകിയും, FRIENDS ജനസേവന കേന്ദ്രങ്ങൾക്ക് സൗജന്യമായി പ്രവർത്തിക്കുവാനുള്ള സ്ഥലം കണ്ടെത്തി നൽകുന്നതിന് ബന്ധപ്പെട്ട മേയർമാരുടെയും മുനിസിപ്പൽ ചെയർമാൻമാരുടെയും സഹകരണത്തോടെ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതനുസരിച്ച് എറണാകുളം FRIENDS ജനസേവന കേന്ദ്രത്തിന് പ്രവർത്തിക്കുവാനായി സൗജന്യമായി സ്ഥലം കണ്ടെത്തി നൽകേണ്ട ഉത്തരവാദിത്വം കൊച്ചി കോർപ്പറേഷന്റേതായിരുന്നു.

2. എറണാകുളം FRIENDS ജനസേവന കേന്ദ്രം ജിസിഡിഎ-യുടെ കലൂർ സ്റ്റേഡിയം കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്നതായും, വാടക കടിശ്ശികയിനത്തിൽ നിലവിൽ GST സഹിതം 2,27,27,107/- രൂപ ഉള്ളതായും, വാടകയിനത്തിൽ ജിസിഡിഎയ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതിനാലും, പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നതിന് അനുവദിച്ചിട്ടുള്ള അളവിലുള്ള സ്ഥലം ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ആവശ്യമില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും, ജനസേവന കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം മാത്രം അനുവദിച്ച് ബാക്കി സ്ഥലം തിരികെ അതോറിറ്റി ഏറ്റെടുക്കുന്നതിനായി അനുമതി നൽകണമെന്ന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം FRIENDS ജനസേവന കേന്ദ്രത്തിന് ആവശ്യമുള്ള സ്ഥലമൊഴിച്ച് ബാക്കിയുള്ള സ്ഥലം ജിസിഡിഎയ്ക്ക് ഏറ്റെടുത്ത് ഉപയുക്തമാക്കാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

1) സെക്രട്ടറി വിശാല കൊച്ചി വികസന അതോറിറ്റി
2) വിവര സാങ്കേതികവിദ്യ വകുപ്പ്
3) സെക്രട്ടറി, കൊച്ചി കോർപറേഷൻ
4) ജില്ലാ കളക്ടർ, എറണാകുളം
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ) കേരളം, തിരുവനന്തപുരം
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7) വെബ് & ന്യൂമീഡിയ വകുപ്പ്
8) സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (IA3/74/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

Date: 12-01-2026 10:55:45

സെക്ഷൻ ഓഫീസർ